യൂണിറ്റായി കണക്കാക്കി ഒരു ഗ്രാമപഞ്ചായത്ത് പ്രദേശം മുഴുവൻ ഒരു സെക്ഷന് കീഴിലാക്കിയിട്ടുള്ള ഒരു പുനഃസംഘടനക്ക് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റവന്യൂ ജില്ലകളടിസ്ഥാനമാക്കിയല്ല വൈദ്യുതി ഡിവിഷനുകൾ രൂപീകരിക്കുന്നത്. വൈദ്യുതി ഡിവിഷനുകൾ രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കുന്നത് അതിന്റെ കീഴിൽ വരുന്ന വിവിധ സെക്ഷനുകളുടെ പരിധിയാണ്. ഇങ്ങനെ വരുമ്പോൾ ഒരു ഡിവിഷൻ വിവിധ റവന്യൂ ജില്ലകളിലായി വരാം. നിലവിലുള്ള സംവിധാനത്തിൽ ഭരണപരമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നില്ല.

(ബി) ഒരു സെക്ഷൻ രൂപീകരിക്കുന്നതിന് മാനദണ്ഡമാക്കുന്നത് ഉപഭോക്താക്കളുടെ എണ്ണം, വിതരണ ലൈനിന്റെ ദൈർഘ്യം, സ്ഥലത്തിന്റെ പ്രത്യേകത തുടങ്ങിയ കാര്യങ്ങളാണ്. ഇത് അടിസ്ഥാനമാക്കി സെക്ഷൻ രൂപീകരിക്കുമ്പോൾ ഒരു ഗ്രാമപ്രദേശം മുഴുവനും ഒരു സെക്ഷനുകീഴിൽ കൊണ്ടുവരുന്നതിന് പ്രായോഗികമായി കഴിയുകയില്ല.

50 (1892) വിദ്യുച്ഛക്തി വികസനത്തിന് വകകൊള്ളിച്ചിട്ടുള്ള തുക

ശ്രീ. പി.ജെ. ജോയി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും വാർഷിക പദ്ധതിയിൽ വിദ്യുച്ഛക്തി വികസനത്തിന് എന്തുതുക വീതം വകകൊള്ളിച്ചിരുന്നു;

(ബി) അതിൽനിന്നും ഓരോ വർഷവും എന്ത് തുക ചെലവഴിച്ചു;

(സി) 1998-99 ലെ വാർഷിക പദ്ധതിയിൽ വിദ്യുച്ഛക്തി വികസനത്തെ സംബന്ധിക്കുന്ന ഫിസിക്കൽ ടാർജറ്റ് എത്രയായിരുന്നു;

(ഡി) അതിൽ എത്രമാത്രം നേടുവാൻ കഴിഞ്ഞു?

ഉത്തരം

(എ)&(ബി) വിദ്യുച്ഛക്തി വികസനത്തിനായി ബോർഡിനു സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രവർത്തനാനുമതി നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1996-97	-	545.30 കോടി രൂപ
1997-98	-	615 കോടി രൂപ
1998-99	-	635 കോടി രൂപ
1999-2000	-	635 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഈ തുക സാധാരണയായി പണമായി നൽകാറില്ല. പകരം ബോർഡ് സർക്കാരിന് നൽകാനുള്ള തുകയിൽ തട്ടിക്കഴിക്കാറാണ് പതിവ്. പദ്ധതിപ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ബോർഡ് ചെലവഴിച്ച തുക താഴെ പറയുന്നു.

1996-97 - 450.72 കോടി രൂപ

1997-98 - 495.38 കോടി രൂപ

1998-99 - 666.41 കോടി രൂപ

(സി)&(ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

51 (1893) വൈദ്യുതി ബോർഡിന്റെ സാമ്പത്തികനില

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ.സി വേണുഗോപാൽ :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 മുതൽ 1996 വരെ വൈദ്യുതി ബോർഡ് ഏതെല്ലാം വർഷങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചു;

(ബി) 1997 മാർച്ച് 31-ാം തീയതിയിലെ കണക്കനുസരിച്ച് ബോർഡിന്റെ സാമ്പത്തികനില മെച്ചമായിരുന്നോ;

(സി) എങ്കിൽ വിശദാശം നൽകുമോ;

(ഡി) ഇപ്പോൾ ബോർഡിന്റെ സാമ്പത്തികനില മോശമാണോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) 1991 മുതൽ 1996 വരെയുള്ള കാലയളവിൽ ബോർഡിന്റെ വാർഷിക കണക്കനുസരിച്ച് 1991-92 വർഷം ഒഴിച്ച് 1995-96 വരെ ലാഭത്തിലാണ് പ്രവർത്തിച്ചത്. ഏതെങ്കിലും വർഷത്തിൽ ബോർഡിന് 3 ശതമാനം റേറ്റ് ഓഫ് റിട്ടേൺ ആർജ്ജിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ മൂന്നുശതമാനം നിലനിറുത്തുന്നതിലേക്കായി സർക്കാർ സബ്സിഡി നൽകണമെന്ന് വ്യവസ്ഥയുണ്ട്. ഇപ്രകാരം സർക്കാർ നൽകേണ്ട സബ്സിഡികൂടി കണക്കിലെടുത്താണ് ബോർഡ് മേൽപ്പറഞ്ഞ ലാഭം കാണിച്ചിരിക്കുന്നത്. 16.8.95-ലെ സർക്കാർ ഉത്തരവുപ്രകാരം ഓരോ വർഷവും ഇപ്രകാരം സർക്കാർ സബ്സിഡി ബോർഡിന്റെ വാർഷിക കണക്കിലും വാർഷിക പ്ലാനിലും ഉൾപ്പെടുത്തുന്നുണ്ട്. വൈദ്യുതിയുടെ ഇപ്പോഴത്തെ കൂടിയ ഉല്പാദനച്ചെലവും, പുറമേനിന്നു വാങ്ങുന്ന വൈദ്യുതിയുടെ വിലകൂടുതലും, ഇപ്രകാരമുള്ള വൈദ്യുതി മൊത്തത്തിലുള്ള ഉല്പാദനച്ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്കു വിൽക്കുന്നതുകൊണ്ടുള്ള നഷ്ടംകൊണ്ടാണ് ബോർഡിന് സാമ്പത്തിക ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly